പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 39 25-04-2017-ൽ മറുപടിക്ക്

## മന്ത്രിമാരുടെ ഉപദേശകരും, കോ-ഓർഡിനേറ്റർമാരും

**ചോദ്യം**
ശ്രീ. ടി.വി. ഇബ്രാഹീം

**ഉത്തരം**
ശ്രീ. പിണറായി വിജയൻ
(മുഖ്യമന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മുഖ്യമന്ത്രി അടക്കമുള്ള മന്ത്രിമാരുടെ ഓഫീസുകളിൽ എത്ര ഉപദേശകരും കോ-ഓർഡിനേറ്റർമാരുമുണ്ടെന്നും അവരുടെ പേരു വിവരവും വെളിപ്പെടുത്തുമോ ; | എ) | വിവിധ മേഖലകളിലായി മുഖ്യമന്ത്രിയ്ക്ക് നിലവിൽ 6 ഉപദേശകർ ഉണ്ട്.<br>ആഭ്യന്തര വകുപ്പ് ഉപദേഷ്ടാവ് - ശ്രീ. രമൺശ്രീവാസ്തവ<br>ശാസ്ത്രഉപദേഷ്ടാവ് - ശ്രീ. എം. ചന്ദ്രദത്തൻ<br>സാമ്പത്തിക ഉപദേഷ്ടാവ്- ശ്രീമതി.ഗീതാ ഗോപിനാഥ്<br>നിയമ ഉപദേഷ്ടാവ് - ഡോ.എൻ.കെ.ജയകുമാർ<br>മീഡിയ ഉപദേഷ്ടാവ് - ശ്രീ.ജോൺ ബ്രിട്ടാസ്<br>പ്രസ് അഡ്വൈസർ - ശ്രീ.പ്രഭാകരവർമ്മ<br>മറ്റ് മന്ത്രിമാർക്ക് ആർക്കും തന്നെ ഉപദേശകരെയോ, കോ-ഓഡിനേറ്റർമാരെയോ നിയമിച്ചിട്ടില്ല. |
| (ബി) | ഈ സർക്കാർ ഇവർക്കുവേണ്ടി ശമ്പളം, വാഹനം, വാസഗേഹം, ടി.എ, ഡ്രൈവർമാർ ഉൾപ്പടെ അനുവദിച്ച ജീവനക്കാർക്കുവേണ്ടി ചെലവിട്ട തുക, ഇന്ധനം, ടി.എ. എന്നിവയ്ക്കെല്ലാം കൂടി എത്ര തുക ഇതേവരെ ചെലവിട്ടു എന്ന് വ്യക്തമാക്കുമോ ? | ബി) | മേൽ പരാമർശിച്ചിട്ടുള്ള ഉപദേഷ്ടാക്കളിൽ പ്രസ്സ് അഡ്വൈസർ ശ്രീ.പ്രഭാകരവർമ്മയെ 93,000/- -1,20,000/- എന്ന ശമ്പളസ്കെയിലിലും ഡോ.എൻ.കെ.ജയകുമാറിനെ പുനർ നിയമന വ്യവസ്ഥ യിൽ 77,400-1,15,200/- എന്ന ശമ്പള സ്കെയിലിൽ അഡ്വൈസർ (ലോ) ആയും പ്രതിഫലം നൽകി കൊണ്ട് നിയമിച്ചിട്ടുണ്ട്. ഡോ.എൻ.കെ.ജയകുമാറിന് 2017 മാർച്ച് മാസം വരെ 9,85,935/- രൂപയും, ശ്രീ.എൻ.പ്രഭാകരവർമ്മ യ്ക്ക് 2017 മാർച്ച് മാസം വരെ 10,57,070/- രൂപയും ശമ്പളയിനത്തിൽ ഇക്കാലയളവിൽ നൽകിയിട്ടുണ്ട്. മറ്റ് ഉപദേശകരെല്ലാം പ്രതിഫലം കൂടാതെയാണ് സേവനമനുഷ്ഠിക്കുന്നത്. |

| | | | |
|---|---|---|---|
| | | | വാസഗേഹം അനുവദിച്ചിട്ടില്ല. വാഹനം ടൂറിസം വകുപ്പിൽ നിന്നാണ് അനുവദിച്ചിട്ടുള്ളത്.<br>ഇവരുടെ വാഹനം, ടി.എ, ഡ്രൈവർമാർ ഉൾപ്പെടെ അനുവദിച്ച ജീവനക്കാർക്ക് വേണ്ടി ചെലവഴിച്ച തുക, ഇന്ധനം, ടി.എ എന്നിവയ്ക്ക് ചെലവായ തുക സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ